**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 18 — 09.06.2014-ൽ മറുപടിയ്ക്ക്

**<u>ബാർ ലൈസൻസ് ക്രമക്കേടിനെതിരെ വിജിലൻസ് അന്വേഷണം</u>**

| | **<u>ചോദ്യം</u>**<br>ശ്രീ.പുരുഷൻ കടലുണ്ടി:<br>ശ്രീ.ജി.സുധാകരൻ;<br>ശ്രീ.രാജു എബ്രഹാം:<br>ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) | | **<u>മറുപടി</u>**<br>ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ബാർ ലൈസൻസുകൾ പുതുക്കി നല്കുന്നതുമായി ബന്ധപ്പെട്ട് നിലനില്ക്കുന്ന ദുരൂഹതകളും ഉന്നയിക്കപ്പെട്ട അഴിമതി ആരോപണങ്ങളും സംബന്ധിച്ച് സമഗ്രമായ വിജിലൻസ് അന്വേഷണം നടത്തുന്നുണ്ടോ; ഇക്കാര്യത്തിൽ വിജിലൻസ് വകുപ്പ് നടത്തിയ പ്രാഥമിക അന്വേഷണ റിപ്പോർട്ട് വെളിപ്പെടുത്താമോ; | (എ) | ഇല്ല; ഇക്കാര്യത്തിൽ വിജിലൻസ് വകുപ്പ് അന്വേഷണം നടത്തിയിട്ടില്ല. |
| (ബി) | ഗുണനിലവാരമില്ലാത്ത ബാറുകൾക്ക് ലൈസൻസ് നൽകിയതിലും നിലവാരമുള്ള ബാറുകൾക്ക് ലൈസൻസ് നൽകാതിരുന്നതിലും ബന്ധപ്പെട്ട അധികൃതർ അഴിമതിയും സ്വജനപക്ഷപാതവും കാണിച്ചിട്ടുള്ളതായി വിജിലൻസിന് അറിവ് ലഭിച്ചിട്ടുണ്ടോ; | (ബി) | ഇല്ല. |
| (സി) | ബാർ ലൈസൻസ് കേസിൽ വിധി പറയാനിരുന്ന ജഡ്ജിയെ സ്വാധീനിക്കാൻ ശ്രമിച്ചതായി ഉയർന്നുവന്ന ആക്ഷേപം ഉൾപ്പെടെ ബാർലൈസൻസുമായി ബന്ധപ്പെട്ട എല്ലാ ആക്ഷേപങ്ങളെ സംബന്ധിച്ചും സമഗ്രമായ വിജിലൻസ് അന്വേഷണം നടത്തുമോ? | (സി) | ഈ സംബന്ധിച്ച് വിജിലൻസ് വകുപ്പിനു പരാതിയൊന്നും ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ